**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1485 03.05.2017-ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി. ടി. തോമസ്<br>ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ)<br>&<br>(ബി) | ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പദ്ധതിപ്രവർത്തനം അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.<br>ആലുവ മുതൽ പാലാരിവട്ടം വരെയുള്ള നിർമ്മാണപ്രവർത്തനത്തിന്റെ ഭാഗമായി വയഡക്റ്റ്, ട്രാക്ക്, വൈദ്യുതീകരണജോലികൾ തുടങ്ങിയവ പൂർത്തിയായിക്കഴിഞ്ഞു. ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പതിനൊന്ന് സ്റ്റേഷനുകളുടെ ആർ.സി.സി സ്ട്രക്ചർ പൂർത്തിയായിക്കഴിഞ്ഞു. ശേഷിക്കുന്ന അവസാന ഘട്ട പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഒൻപത് ട്രെയിനുകൾ ഇപ്പോൾ മുട്ടത്തുള്ള ഡിപ്പോയിൽ പരീക്ഷണ ഓട്ടത്തിലാണ്. ശേഷിക്കുന്ന സിഗ്നലിംഗ്, ടെലികമ്മ്യൂണിക്കേഷൻ ജോലികൾ പുരോഗമിക്കുകയാണ്. ഫയർ & സേഫ്റ്റി ഇൻസ്പെക്ഷൻ സർട്ടിഫിക്കറ്റ് പതിനൊന്ന് സ്റ്റേഷനുകൾക്കും ലഭിച്ചു കഴിഞ്ഞു. മെട്രോ സുരക്ഷാ കമ്മീഷണറുടെ ഔദ്യോഗിക പരിശോധന 2017 മെയ് 3, 4, 5 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളത് ; | | |
| (സി) | ഇനി എന്തെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് | (സി) | സ്റ്റേഷനുകളുടെ ഇന്റീരിയർ ജോലികൾ ചെയ്തു വരികയാണ്. ഉടൻ തന്നെ ഈ ജോലികൾ പൂർത്തിയാക്കുവാൻ സാധിക്കും. പാലാരിവട്ടം |

| | | | |
|---|---|---|---|
| | നടക്കാനുള്ളത്; | | സ്റ്റേഷൻ മുതൽ മഹാരാജാസ് കോളേജ് സ്റ്റേഷൻ വരെയുള്ള ജോലികൾ പാതിഘട്ടത്തിൽ എത്തിനിൽക്കുന്നു. ശേഷിക്കുന്ന ജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മഹാരാജാസ് മുതൽ പേട്ട വരെ ഉള്ള റീച്ചിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്. |
| (ഡി) | പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന നടത്തി അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അംഗീകാരം ലഭിച്ച ശേഷം, ആലുവ മുതൽ പാലാരിവട്ടം വരെയുള്ള റീച്ച് 2017 മെയ് അവസാനത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ